പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1534 — 3. 10.11 ൽ മറുപടിയ്ക്ക്

## മാരിടൈം യൂണിവേഴ്സിറ്റി

ചോദ്യം — മറുപടി

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ.ഷാഫി പറമ്പിൽ
ശ്രീ.ഹൈബി ഈഡൻ
ശ്രീ.ലൂഡി ലൂയിസ്

ശ്രീ. ഉമ്മൻചാണ്ടി
( മുഖ്യമന്ത്രി )

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | സംസ്ഥാനത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന മാരിടൈം യൂണിവേഴ്സിറ്റിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ; | എ | കേന്ദ്ര മാരിടൈം യൂണിവേഴ്സിറ്റിയുടെ കാമ്പസ് കൊച്ചിയിൽ സ്ഥാപിക്കുന്നതിനായി 60 ഏക്കർ സ്ഥലം കണ്ടെത്തി ആവശ്യമായ ഭൂമി പതിവ് ശുപാർശ ലാന്റ് റവന്യൂ കമ്മീഷണർ മുഖേന നിർദ്ദേശിക്കുവാൻ എറണാകുളം ജില്ലാ കളക്ടറെ സർക്കാരിന്റെ 26-9-2011 -ലെ സ.ഉ (എം.എസ്) നം. 347/2011/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ബി | സംസ്ഥാനത്ത് ഇത് എവിടെയാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നത് ; | ബി | എറണാകുളം ജില്ലയിലാണ് കേന്ദ്ര യൂണിവേഴ്സിറ്റിയുടെ കാമ്പസ് സ്ഥാപിക്കാനുദ്ദേശിക്കുന്നത്. |
| സി | യൂണിവേഴ്സിറ്റി നിലവിൽ വരുമ്പോൾ കേരളത്തിന് എന്തെല്ലാം നേട്ടങ്ങൾ ഏതൊക്കെ മേഖലയിൽ കൈവരിക്കാനാകുമെന്നു വിശദീകരിക്കുമോ ; | സി | സംസ്ഥാനത്ത് സ്ഥാപിക്കുവാനുദ്ദേശിക്കുന്ന മാരിടൈം ബോർഡുമായി സഹകരിച്ച് മാരിടൈം മേഖലയിലെ ഗവേഷണം, എക്സ്റ്റൻഷൻ, വിദ്യാഭ്യാസം എന്നിവയിൽ നേട്ടങ്ങൾ കൈവരിക്കാനാകും. |
| ഡി | യൂണിവേഴ്സിറ്റിക്ക് സ്ഥലം ഏറ്റെടുത്ത് നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ? | ഡി | മാരിടൈം യൂണിവേഴ്സിറ്റിയുടെ കാമ്പസ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തി ശുപാർശ ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ